**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.289 — 28.05.2019 ൽ മറുപടിക്ക്

**മഞ്ചേരിയിൽ ജനറൽ ആശുപത്രി ആരംഭിക്കണമെന്ന ആവശ്യം**

| ചോദ്യം<br>ശ്രീ.എം.ഉമ്മർ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ജനറൽ ആശുപത്രികൾ ആരംഭിക്കുന്ന കാര്യത്തിലുള്ള സർക്കാരിന്റെ നിലപാട് വിശദമാക്കാമോ; | (എ), (ബി), (സി), & (ഡി) | നിലവിൽ ഓരോ പ്രദേശങ്ങളുടെയും പ്രത്യേകതകൾ കണക്കിലെടുത്ത് ആരോഗ്യസ്ഥാപനങ്ങളെ ഘട്ടം ഘട്ടമായി തിരഞ്ഞെടുത്ത് ഇവിടെ അടിസ്ഥാന സൗകര്യവികസനം നടത്തിയും അധിക തസ്തികകൾ സൃഷ്ടിച്ചും രോഗീസൗഹൃദമാക്കുക എന്നതാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. മഞ്ചേരിയിൽ ജനറൽ ആശുപത്രി സ്ഥാപിക്കുന്ന വിഷയം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. |
| (ബി) | ജനറൽ ആശുപത്രികൾ ആരംഭിക്കുന്നതിനായി നിലവിൽ ഏതെല്ലാം മാനദണ്ഡങ്ങളാണ് പരിഗണിക്കുന്നത്; വിശദമാക്കാമോ; | | |
| (സി) | മഞ്ചേരിയിൽ ജനറൽ ആശുപത്രി സ്ഥാപിക്കുന്ന കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; | | |
| (ഡി) | മഞ്ചേരിയിൽ ജനറൽ ആശുപത്രി സ്ഥാപിക്കുന്നതിനായി ലഭിച്ചിട്ടുള്ള നിവേദനങ്ങളുടെയും കത്തുകളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ